# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1230

12.03.2015 - ൽ മറുപടിയ്ക്ക്

## കയർ വ്യവസായ മേഖലയുടെ വികസനം

| ചോദ്യം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖലയുടെ വികസനത്തിനായി ഈ സർക്കാരിന്റെ പ്രഖ്യാപിത പരിപാടികളിൽ നാളിതുവരെ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടി ല്ലാത്തവയെ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ; ഇവ എപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ സംബന്ധിച്ച് വിശദവിവരങ്ങൾ താഴെ പ റയുന്നു.<br><br>**1) മാതൃക കയർ ഗ്രാമം : 2012-13**<br>2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'മാതൃക കയർ ഗ്രാമം' സ്ഥാപിക്കുന്നതിനുള്ള സൗകര്യപ്രദമായ സ്ഥലം ലഭിക്കാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത്. ടി പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**2) കയർ കയറ്റുമതി സംസ്കരണ പാർക്ക്**<br>കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന കയർ കയറ്റുമ തി സംസ്ക്കരണ പാ ർക്കിന് 5 കോടി രൂപ 2013-14 ബഡ്ജ റ്റിൽ പ്രഖ്യാപിച്ചതിൻ പ്രകാരം 495.16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും 2013-14 വർഷം തുക വകയിരുത്തിയിരുന്നില്ല. മേൽ പദ്ധതി ക്ക് 2014-15 വർഷം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>**3) കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ**<br>2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതിക്ക് 2013-14 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിഷൻ സെന്റർ |

| | |
|---|---|
| | സ്ഥാപിക്കുന്നതിനുള്ള സംരംഭം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിരുന്നു. സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ല ഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വ രികയും ചെയ്യുന്നു.<br>**4) ഇന്നവേഷൻ ഫണ്ടും ഇൻകുബേഷൻ സെല്ലും**<br>കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നോവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കുന്നതാണെന്നും 2013–14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനായി 2013–14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2014 – 15 വർഷം മേൽ പദ്ധതി ക്ക് ഭരണാനുമതി നൽയിട്ടുണ്ട്. |
| ബി) ബഡ്ജറ്റിൽ വകയിരുത്തിയ ഇനങ്ങളിലെ ഫണ്ടല്ലാതെ മിഷൻ 676 പ്രകാരം സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾക്കും പരിപാടികൾക്കും പ്രത്യേകമായി ഫണ്ട് നൽകുകയുണ്ടാ യിട്ടുണ്ടോ; എങ്കിൽ പ്രതിന്ന ഏത് ഹെഡിൽ എത്ര തുകയാണെന്ന് വിശദമാക്കാമോ; | ബി) 676 പ്രകാരം പ്രഖ്യാപിച്ച പ ദ്ധതികൾക്ക് പ്രത്യേകമായി ഫണ്ട് നൽകിയിട്ടില്ല |
| സി)ബഡ്ജററ് നിർദ്ദേശങ്ങളിലും മിഷൻ 676 പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികളും പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാകുമോ; അപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയെ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ? | സി) <u>ബഡ്ജറ്റ്</u><br>2013–14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന കയർ കയറ്റുമതി സംസ്ക്കരണ പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി 5 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം 495.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.<br>2013–14 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സംരംഭം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിരുന്നു. സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനു |

വേണ്ടി ഒരു ഇന്നോവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന തിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. 2014-15 വർഷം മേൽ പദ്ധതി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പി ച്ച് ആയതി ന് ഭരണാനുമതി നൽകി.

**മിഷൻ 676**

നാളികേര വികസനബോർഡുമായി സഹകരിച്ചുള്ള ഒരു പ്രോജക്ടിനും തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് കുറെക്കൂടി പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉൽപാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസ ലിന് അംഗീകാരം നൽകിയിട്ടുണ്ട്.

ഫോം മാറ്റിംഗ്സ് ഇന്ത്യ ലി. ന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, ക ണിച്ചുകുളങ്ങര യിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പു രോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ